**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽ നിന്നും ലഭിച്ച അപേക്ഷകൾ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (എ) | കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതിക്കായി വടകര താലൂക്കിൽ നിന്നും ലഭിച്ച 19 അപേക്ഷകളിൽ 18 പേർക്ക് അനുമതി നൽകിയിട്ടുണ്ട്. കുറ്റ്യാടി റെയിഞ്ചിൽ സമർപ്പിച്ച ഒരു അപേക്ഷയിൽ അപേക്ഷകൻ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ആയത് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ടിയാൻ രേഖകൾ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ഈ അപേക്ഷയിൽ അനുമതി നൽകിയിട്ടില്ല. 28.05.2022, 31.05.2022 എന്നീ തീയതികളിലെ സർക്കാർ ഉത്തരവ് പ്രകാരം ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥന് കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേനെ കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, നിബന്ധനകൾ ഉൾപ്പെടുത്തി ഉത്തരവ് നൽകാവുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടി വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ